പതിനാലാം കേരള നിയമസഭ
പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2154

11.03.2020 ൽ മറുപടിയ്ക്ക്

## കലാഭവൻ മണിയുടെ സ്മരണയ്ക്കായി നടത്തുന്ന പ്രോഗ്രാമുകൾ

**ചോദ്യം**

**ശ്രീ. ബി.ഡി.ദേവസ്സി**

**മറുപടി**

**ശ്രീ.ഇ.പി.ജയരാജൻ**
**(വ്യവസായവും, സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | അന്തരിച്ച അനശ്വര കലാകാരൻ കലാഭവൻ മണിയുടെ സ്മരണയ്ക്കായി സംസ്ഥാന യുവജനക്ഷേമ ബോർഡ് എന്തെല്ലാം മത്സരങ്ങളും പ്രോഗ്രാമുകളു - മാണ് സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കാമോ ; | (എ) | അന്തരിച്ച അനശ്വര കലാകാരൻ കലാഭവൻ മണിയുടെ സ്മരണയ്ക്കായി സംസ്ഥാന യുവജനക്ഷേമ ബോർഡ് കഴിഞ്ഞ വർഷം മുതൽ 'മണിനാദം' എന്ന പേരിൽ ജില്ല/സംസ്ഥാനതല നാടൻപാട്ട് മത്സരം നടത്തിവരുന്നു. ജില്ലാതല നാടൻപാട്ട് മത്സരങ്ങളിൽ ഒന്നാം സ്ഥാനം നേടി വിജയിച്ച ടീമുകളെ പങ്കെടുപ്പിച്ചുകൊണ്ട് ഈ വർഷവും 2020 മാർച്ച് 6,7 തീയതികളിൽ കലാഭവൻ മണിയുടെ ജന്മനാടായ തൃശ്ശൂർ ജില്ലയിലെ ചാലക്കുടിയിൽ വച്ച് സംസ്ഥാനതല നാടൻപാട്ട് മത്സരം സംഘടിപ്പിക്കുന്നു. |
| (ബി) | യുവകലാകാരൻമാരെ ഉൾപ്പെടുത്തി നാടൻ പാട്ടിന് പുറമെ മിമിക്രിക്ക് കൂടി സംസ്ഥാനതല മത്സരം നടത്തി പുരസ്കാരങ്ങൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോ ; | (ബി) | ഇത്തവണ ജില്ല/സംസ്ഥാനതല നാടൻപാട്ട് മത്സരത്തിനു പുറമേ തൃശ്ശൂർ ജില്ലയിൽ മാത്രം മിമിക്രി മത്സരം കൂടി സംഘടിപ്പിക്കുന്നുണ്ട്. മിമിക്രിക്കുകൂടി സംസ്ഥാനതല മത്സരം നടത്തി പുരസ്കാരങ്ങൾ നൽകുന്നത് സംബന്ധിച്ച് തീരുമാനമെടുത്തിട്ടില്ല. |
| (സി) | നേരത്തെ നൽകി വന്നിരുന്ന പുരസ്കാരങ്ങളുടെ തുക വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | മണിനാദം നാടൻപാട്ട് മത്സരം സംസ്ഥാനതല വിജയികൾക്ക് നൽകിവരുന്ന പുരസ്കാരങ്ങളുടെ തുക വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ വർഷം മുതൽ സംസ്ഥാനതല മത്സരത്തിൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനം നേടുന്ന ടീമുകൾക്ക് യഥാക്രമം 1,00,000, 75,000, 50,000 രൂപ വീതം പ്രൈസ് മണിയായി നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ